അമ്പലമുക്ക്-മുട്ടട-പരുത്തിപ്പാറ റോഡിന്റെ ദു:സ്ഥിതി പരിഹരിക്കാൻ നടപടി

58 [656] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽകോളേജിലേക്കുള്ള അമ്പലമുക്ക്-മുട്ടട-പരുത്തിപ്പാറ റോഡ് പതിവായി ഇടിഞ്ഞ് തകർന്ന് വാഹന ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കഴിഞ്ഞ 15 മാസങ്ങൾക്കിടയിൽ പ്രസ്തുത റോഡിൽ എത്ര തവണ അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തികളും നടത്തി എന്നറിയിക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥയ്ക്കുള്ള കാരണങ്ങൾ ശാസ്ത്രീയമായി കണ്ടെത്തി സ്ഥിര പരിഹാരമുണ്ടാക്കണമെന്ന സ്ഥലം ജന പ്രതിനിധിയുടെ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ ;

(ഡി) അമ്പലമുക്ക്-മുട്ടട-പരുത്തിപ്പാറ റോഡിന്റെ നിർമ്മാണ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം തുടർനടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടുതവണ.

(സി)യും (ഡി)യും പ്രസ്തുത റോഡിന്റെ നിർമ്മാണ വൈകല്യങ്ങളുടെ പ്രശ്ന പരിഹാരത്തിനായി ഡിസൈൻ സമർപ്പിക്കുവാനായി എൽ.ബി.എസ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് കിട്ടുന്ന മുറയ്ക്ക് ശാശ്വത പരിഹാരത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

പുലാമന്തോൾ പഴയപാലം പൊളിച്ച് നീക്കുന്നതിന് നൽകിയ കരാർ

59 [657] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുലാമന്തോൾ പഴയപാലം പൊളിച്ചുനീക്കുന്നതിന് സർക്കാർ ആർക്കാണ് കരാർ നൽകിയത് എന്ന് അറിയിക്കാമോ ;

(ബി) കരാർ പിന്നീട് സബ്കോൺട്രാക്ടർക്ക് കൈമാറിയിരുന്നോ എന്നും എങ്കിൽ ആർക്ക് എന്നും വ്യക്തമാക്കുമോ ;

(സി) കരാർ തുക എത്ര എന്നും സബ് കരാർ തുക എത്ര എന്നും, എന്നാണ് കരാർ നൽകിയതെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊളിച്ചുമാറ്റപ്പെടുന്ന പഴയ പാലത്തിന്റെ ഇരുമ്പ് സാമഗ്രികളും മറ്റും കോൺട്രാക്ടർക്ക് വിൽപ്പന നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥയനുസരിച്ച് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, തൃശ്ശൂർ എന്ന സർക്കാർ സ്ഥാപനത്തിനാണ് കരാർ നൽകിയിട്ടുള്ളത്.

(ബി) കരാർ ഏറ്റെടുത്ത സ്ഥാപനം പിന്നീട് ആർക്കെങ്കിലും കരാർ കൊടുത്തിട്ടുണ്ടോ എന്നറിയില്ല.

(സി) 3,66,717 രൂപയ്ക്കാണ് കരാർ നൽകിയത്.

(ഡി) 30-11-2001-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 161/2001/ഐ.ഡി. പ്രകാരം സർക്കാർ ആഫീസുകൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവരുടെ പക്കൽ നിന്നും റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ ഇരുമ്പ് സാമഗ്രികളും മറ്റും (Metalic scrap) ശേഖരിക്കുന്നതിന് SILK-ന് അനുമതി നൽകിയിട്ടുണ്ട്.

പുലാമന്തോൾ പാലം പൊളിച്ചുമാറ്റുന്ന സമയത്തുണ്ടായ അപകടം

60 [658] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പഴയ പുലാമന്തോൾ പാലം പൊളിച്ചു മാറ്റുന്ന സമയത്ത് അപകടം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് അപകടം നടന്നത് ; അപകടം നടക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ ;

(ബി) അപകടത്തിൽ എത്രപേർ മരിച്ചു ; എത്രപേർക്ക് പരിക്കുപറ്റി എന്നും അവർ ആരെല്ലാം എന്നും വ്യക്തമാക്കുമോ ;

(സി) പരിക്കേറ്റവർക്കും, മരിച്ചവരുടെ കുടുംബത്തിനും എന്തെങ്കിലും ധനസഹായം നൽകുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പാലം പൊളിച്ചു നീക്കുന്ന പണിനടക്കുമ്പോൾ ബന്ധപ്പെട്ട എഞ്ചിനീയർമാർ സ്ഥലത്ത് ഉണ്ടായിരുന്നുവോ; എങ്കിൽ ആരുടെ നേതൃത്വത്തിലായിരുന്നു പൊളിച്ചുനീക്കൽ പണി നടന്നിരുന്നത് ;

(ഇ) പാലം പൊളിച്ചു നീക്കുന്നതിന് എന്നാണ് അനുമതി നൽകിയത്; എന്നാണ് പൊളിച്ചുനീക്കൽ നടപടി തുടങ്ങിയത് ; എത്രസമയംകൊണ്ട് പൊളിച്ചു നീക്കണം എന്നാണ് നിഷ്കർഷിച്ചിരുന്നത് തുടങ്ങിയവ വ്യക്തമാക്കുന്ന ഓർഡറോ മറ്റോ പുറപ്പെടുവിച്ചിരുന്നുവോ, എങ്കിൽ കോപ്പി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly